LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ സുരക്ഷാ പെൻഷൻ

311 (1785) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ നിലവിൽ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം പെൻഷനുകളുടെ വിതരണത്തിലാണ് കുടിശ്ശിക ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക തീർക്കുന്നതിനായി എത്ര തുക ആവശ്യമായി വരുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കുടിശ്ശികയുണ്ട്. 2014 ഡിസംബർ, 2015 ജനുവരി, 2015 സെപ്റ്റംബർ, 2015 ഒക്ടോബർ, 2015 നവംബർ എന്നീ മാസങ്ങളിലെ ക്ഷേമപെൻഷനുകൾ കുടിശ്ശിക യായിട്ടുണ്ട്.

(ബി) എല്ലാ പെൻഷനുകളിലും കുടിശ്ശികയുണ്ട്. ആഗസ്റ്റ് 2015 വരെയുള്ള എല്ലാ പെൻഷനുകളും വിതരണത്തിനായി അയച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ

312 (1786) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക അവരുടെ അക്കൗണ്ടിലേക്ക് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.